**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2704** 22-01-2021 - ൽ മറുപടിയ്ക്ക്

**ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | സിനിമ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി സർക്കാർ നിയോഗിച്ച ജസ്റ്റിസ് കെ. ഹേമ അധ്യക്ഷയായ സമിതി തയ്യാറാക്കിയ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചത് എന്നാണെന്നറിയിക്കുമോ; | (എ) | ജസ്റ്റിസ് കെ.ഹേമ അധ്യക്ഷയായ സമിതി 31.12.2019-ൽ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചു; വിശദമാക്കുമോ; | (ബി) | ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളിൽ സിനിമ റഗുലേറ്ററി ബില്ലിൽ ഉൾപ്പെടുത്താൻ കഴിയുന്ന കാര്യങ്ങൾ പ്രസ്തുത ബില്ലിൽ ഉൾപ്പെടുത്താനും, അവശേഷിക്കുന്ന കാര്യങ്ങളിൽ ഭരണ തലത്തിൽ പരിഗണിക്കാൻ കഴിയുന്ന കാര്യങ്ങളിൽ ഭരണപരമായ നടപടികൾ സ്വീകരിക്കുന്ന കാര്യവും പരിശോധിച്ചു വരികയാണ്. സിനിമാ റഗുലേറ്ററി രൂപീകരണത്തിനുള്ള കരട് ബില്ല് സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | സിനിമ റഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണം നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ? | (സി) | ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളിൽ സിനിമ റഗുലേറ്ററി ബില്ലിൽ ഉൾപ്പെടുത്താൻ കഴിയുന്ന കാര്യങ്ങൾ പ്രസ്തുത ബില്ലിൽ ഉൾപ്പെടുത്താനും, അവശേഷിക്കുന്ന കാര്യങ്ങളിൽ ഭരണ തലത്തിൽ പരിഗണിക്കാൻ കഴിയുന്ന കാര്യങ്ങളിൽ ഭരണപരമായ നടപടികൾ സ്വീകരിക്കുന്ന കാര്യവും പരിശോധിച്ചു വരികയാണ്. സിനിമാ റഗുലേറ്ററി രൂപീകരണത്തിനുള്ള കരട് ബില്ല് സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ